# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM/P5/ 1882 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 14/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P5/ 1882 /2023 തീയ്യതി: 14/11/2023

## കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2023 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-02-2023 മുതൽ 30-09-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി സിന്ധു റ്റി, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺജിത്ത് ജി., സീനി.ഗ്രേഡ് ഓഡിറ്റർ (16.10.23 to 19.10.23)
ശ്രീമതി ഹർഷ.എൽ, ഓഡിറ്റർ (10.10.23 to 18.10.23)
ശ്രീമതി പ്രീത എസ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)(19.10.23)
ശ്രീമതി ശ്രീജ എസ്, അസി.ഓഡിറ്റ് ഓഫീസർ (19.10.23)
ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (19.10.23)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി ഷീല ബിന്ദു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സ്റ്റീഫൻ എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി മേരി ഷീജ.ആർ.ഇ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. ഫവാസ്.എസ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 31-03-2023 |
| ഡോ.ജിനി ആനന്ദ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു.വി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2022 | 31-12-2022 |
| ഡോ. പ്രമോദ് കുമാർ.കെ.എസ് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 31-12-2022 | 27-03-2023 |
| ഡോ. ഷിജി വത്സൻ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 28-03-2023 | 31-03-2023 |
| ഡോ. വീണരാജ് | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.സൌമ്യ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. മിലിമോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 03-12-2022 |
| ശ്രീ. ആശ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-12-2022 | 02-02-2023 |
| ശ്രീ. സ്മിത.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-02-2023 | 31-03-2023 |
| ശ്രീമതി.ഷംന.ആർ | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീ. രതീഷ്. പി. ആർ | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീ. ബിജു പി.എസ് | അസി.എഞ്ചിനിയർ | 01-04-2022 | 04-09-2022 |
| ശ്രീമതി സിനി.ബി.എസ് | അസി.എഞ്ചിനിയർ | 05-09-2022 | 31-03-2023 |
| ശ്രീമതി.ശിൽപാ ഭദ്രൻ | വി.ഇ.ഒ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.നിഷ | വി.ഇ.ഒ | 01-04-2022 | 31-12-2022 |
| Vaccant | വി.ഇ.ഒ | 01-01-2023 | 31-03-2023 |
| ശ്രീമതി.രചന റ്റി.ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ.ആദർശ്.ജി.എസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയ.ജെ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഇന്ദു ഉണ്ണിത്താൻ | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2022 | 08-08-2022 |
| Vaccant | ഡയറിഫാംഇൻസ്ട്രക്ടർ | 09-08-2022 | 07-12-2022 |
| ശ്രീ. സന്ധ്യ | ഡയറിഫാംഇൻസ്ട്രക്ടർ | 08-12-2022 | 31-03-2023 |
| ശ്രീമതി ഹണിമോഹൻ | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | AFSCB തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം. | 1-1-4 |
| 6 | CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം. | 1-1-5 |
| 7 | KSEB ഡെപ്പോസിറ്റ് - B 18 Deposits ൽ ഉൾപ്പെട്ടിട്ടില്ല. | 1-1-6 |
| 8 | ഗുണഭോക്തൃവിഹിതം - നീക്കിയിരിപ്പ് വ്യക്തമല്ല. | 1-1-7 |
| 9 | പാർട്ട്ബിൽ ചെലവ് - B 11(b) Capital Work In Progress ൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1-9 |
| 11 | സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയില്ല. | 1-1-10 |
| 12 | Co-operative Institution Investment - ഹാജരാക്കിയില്ല. | 1-1-11 |
| 13 | വസ്തു നികുതി - ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | തൊഴിൽ നികുതി ഈടാക്കിയില്ല. | 1-11 |
| 24 | വാടക കുടിശ്ശിക - ഡെപ്പോസിറ്റ് പൂർണ്ണമായി മുതൽക്കൂട്ടിയില്ല. | 1-12 |

| | | |
|---|---|---|
| 25 | കെട്ടിട നികുതി – ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്ക് നിർണ്ണയിച്ചിരിക്കുന്നു. | 1-13 |
| 26 | പ്രമുഖ വസ്ത്ര വ്യാപാര സമുച്ചയത്തിന്റെ നികുതി നിർണ്ണയം താഴത്തെ നിലയ്ക്ക് മാത്രം. | 1-14 |
| 27 | സ്വകാര്യ പാർക്കിംഗ് സ്ഥലം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15 |
| 28 | ഗ്യാസ് ക്രിമറ്റോറിയം - കരാറുകാരനിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശിക ഈടാക്കിയില്ല. | 1-16 |
| 29 | വെള്ളക്കരം കുടിശ്ശിക - പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തൽ അനിവാര്യം. | 1-17 |
| 30 | അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ - അനുവദനീയമായതിലും അധികം തുക നൽകി - 3,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-18 |
| 31 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. | 1-19 |
| 32 | പഠനമുറി - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി. | 1-20 |
| 33 | സമഗ്ര നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല. | 1-21 |
| 34 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 4,42,930/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 35 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-23 |
| 36 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല. | 1-24 |
| 37 | ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല. | 1-25 |
| 38 | ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിന് നഷ്ടപരിഹാരം ലഭിച്ചില്ല. | 1-26 |
| 39 | പുറമ്പോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല. | 1-27 |
| 40 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 4,80,025/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 1-28 |
| 41 | വൈദ്യുതി ബോർഡും വാട്ടർ അതോറിറ്റിയും റോഡുകളിൽ നടത്തിയ പ്രവൃത്തികൾക്ക് റോഡ് റെസ്റ്ററേഷൻ ചാർജ് ഈടാക്കിയില്ല. | 1-29 |
| 42 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-30 |
| 43 | തനത് വരുമാനം - അവലോകനം | 1-31 |
| 44 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയില്ല. | 1-32 |
| 45 | അഡ്വാൻസ് തുക പൂർണ്ണമായും ക്രമീകരിച്ചിട്ടില്ല | 1-33 |
| 46 | ഹരിത കർമ്മസേന - പ്രവർത്തനാവലോകനം | 1-34 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | അടുക്കള മുറ്റത്തെ മുട്ടക്കോഴി വള**ർ**ത്ത**ൽ** - അനുവദനീയമായതിലും അധികം തുക ന**ൽ**കി - 3,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. | 3-2 |
| 3 | സമഗ്ര നെ**ൽ**കൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങ**ൾ** പാലിച്ചില്ല. | 3-3 |
| 4 | പഠനമുറി - അ**ർ**ഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം ന**ൽ**കി. | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുക**ൾ**ക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തിക**ൾ**ക്ക് ന**ൽ**കിയ തുകയുടെ വിവരങ്ങ**ൾ** | 4-3 |
| 4 | മൊബിലൈസേഷ**ൻ** അഡ്വാ**ൻ**സ് വിവരങ്ങ**ൾ** | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 19.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനൊപ്പം ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 28,85,269/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 40 (B) - 40 (A) = 68,46,576/-രൂപ

വ്യത്യാസം = 39,61,307/-രൂപ

### 1-1-3 ജില്ലാ - ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ - ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളായി ജില്ലാ പഞ്ചായത്ത് വിഹിതം 3,26,791/-രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 10,61,893/-രൂപയും ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുണ്ട്. അവ നിക്ഷേപിച്ചിരിക്കുന്ന ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നീക്കിയിരിപ്പില്ല.

### 1-1-4 AFSCB തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം.

AFSCB തനത് ഫണ്ട് അക്കൗണ്ട് നീക്കിയിരിപ്പ് പാസ്സ് ബുക്ക് പ്രകാരമുള്ളത് 5,64,520/-രൂപയാണ്. വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 5,41,005/-രൂപയാണ്. 30.3.2023 ലെ നീക്കിയിരിപ്പാണ് വാർഷിക കണക്കിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-1-5 CFC ഫണ്ട് നീക്കിയിരിപ്പിൽ വ്യത്യാസം.

CFC ഫണ്ട് ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 53,37,538/-രൂപയാണ്. RP 40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 52,91,338/- രൂപയാണ്. വ്യത്യാസം - 46,200/-രൂപ. CFC Tied ബാങ്ക് ചെലവ്, നീക്കിയിരിപ്പ് എന്നിവ സ്ഥാപനത്തിന്റെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-6 KSEB ഡെപ്പോസിറ്റ് - B 18 Deposits ൽ ഉൾപ്പെട്ടിട്ടില്ല.

സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 30,290/-രൂപയുടെ വിവരം ബാലൻസ് ഷീറ്റ് B 18 – Loans, Advances, Deposits ൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-7 ഗുണഭോക്തൃവിഹിതം - നീക്കിയിരിപ്പ് വ്യക്തമല്ല.

ഗുണഭോക്തൃവിഹിതം 16,518/-രൂപ മുന്നിരിപ്പിലും, നീക്കിയിരിപ്പിലും ഉൾപ്പെട്ടു കാണുന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-1-8 പാർട്ട്ബിൽ ചെലവ് - B 11(b) Capital Work In Progress ൽ ഉൾപ്പെടുത്തിയില്ല.

2022-23 ൽ പാർട്ട്ബിൽ നൽകിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ബാലൻസ് ഷീറ്റ് B11 (B) Capital Work In Progress ൽ ഉൾപ്പെടുത്തിയില്ല.

### 1-1-9 വികസന ഫണ്ട് ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

2022-23 ൽ വികസന ഫണ്ടിൽ നിന്നും പേയ്മെന്റ് നൽകുന്നതിനായി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ തൻവർഷം പേയ്മെന്റ് ആകാത്തതുമായ ബില്ലുകൾ ACR ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ ചെലവിനത്തിൽ 12,000/-രൂപയുടെ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. മുറ്റത്തൊരു മീൻതോട്ടം (നം.156/23) – 12,000/-രൂപ

### 1-1-10 സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയില്ല.

ബാലൻസ് ഷീറ്റിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

### 1-1-11 Co-operative Institution Investment - ഹാജരാക്കിയില്ല.

ബാലൻസ് ഷീറ്റ് B 12 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള Investments Co-operative Institutions 3,000/-രൂപ, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

## 1-1-12 വസ്തു നികുതി - ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതി റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| റെസിഡൻഷ്യൽ - വസ്തു നികുതി | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത് | 31,59,343/- | 30,40,242/- | 53,874/- |
| വാർഷിക കണക്ക് പ്രകാരമുള്ളത് | 31,59,505/- | 30,39,821/- | 52,034/- |
| നോൺ റെസിഡൻഷ്യൽ - വസ്തു നികുതി | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ളത് | 4,72,109/- | 46,41,127/- | 8,12,00/- |
| വാർഷിക കണക്ക് പ്രകാരമുള്ളത് | 47,30,437/- | 46,41,127/- | 77,333/- |

## 1-2 ബജറ്റ്

26-03-22 ലെ 1 (1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52,156,914/-രൂപ |
| വരവ് | 6,03,04,156/-രൂപ |
| ആകെ | 11,24,61,070/- രൂപ |
| ചെലവ് | 5,90,03,490/- രൂപ |
| നീക്കിയിരിപ്പ് | 5,34,57,580/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | 2,89,844/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 13,22,995/-രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21352000/- | 21352000/- | 19560561/- | 1791439/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 12255000/- | 12255000/- | 10165776/- | 2089224/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ട്രഷറി | 0 | 3543771/- | 3543771/- | 2047736/- | 1496035/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ട്രഷറി | 0 | 921859/- | 921859/- | 838195/- | 83664/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ബാങ്ക് | 2292232/- | 5341000/- | 7633232/- | 5664873/- | 1968359/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് ഗ്രാന്റ് – അൺടൈഡ് ബാങ്ക് | 2708754/- | 3560000/- + 214428/- (പലിശ) | 6483182/- | 3303163/- | 3180019/- |
| മെയിന്റനൻസ്, റോഡ് | 0 | 9094000/- | 9094000/- | 1550212/- | 7543788/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6870000/- | 6870000/- | 6869976/- | 24/- |
| | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| MGNREGS | 3162/- | 1483261/- | 1486423/- | 1477991/- | 8432/- |
| ശുചിത്വമിഷൻ | 2921004/- | 0 | 2921004/- | 311400/- | 2609604/- |
| ഐ.സി.ഡി.എസ് | 34000/- | 2130308/- | 2164308/- | 1421198/- | 743110/- |
| TSC | - | 320885/- | 320885/- | 320885/- | - |
| Health Grant Diagnostic Infrastructure To PHC | 0 | 324757/- | 324757/- | 258515/- | 66242/- |
| Health Grant Conversion Of PHC And Subcenters | 0 | 187069/- | 187069/- | 94938/- | 92131/- |
| Solid Waste Management | 13470/- | 0 | 13470/- | 0 | 13470/- |
| SSA | 2100/- | 0 | 2100/- | 0 | 2100/- |
| Literacy Grant | 71006/- | 0 | 71006/- | 0 | 71006/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ് സംസ്ഥാനാവിഷ്കൃതം | 1715983/- | 2850000/- | 4565983/- | 2240000/- | 2325983/- |

CFC Tied ബാങ്ക് ചെലവ്, നീക്കിയിരിപ്പ് എന്നിവ സ്ഥാപനത്തിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 14,08,27,211/- | 144 | 6,73,53,644/- | 31 | 67 | 46% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ MNREGA A/c | 3,162/- | 14,83,261/- | 14,86,423/- | 14,77,991/- | 8,432/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,38,43,766/- | 3,38,43,766/- | 3,38,43,766/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| തൊഴിൽരഹിത വേതനം | 2,160/- |
| കർഷകതൊഴിലാളി പെൻഷൻ | 12,81,400/- |
| വിധവാപെൻഷൻ | 1,63,41,200/- |
| വാർദ്ധക്യകാലപെൻഷൻ | 3,11,25,000/- |
| വികലാംഗപെൻഷൻ | 52,18,000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,42,800/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.23 3.00 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,054/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ ശ്രദ്ധിക്കുന്നുണ്ട്. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും ഐ.എൽ.ജി.എം.എസ്. വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

1. കെട്ടിട നികുതി – ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്ക് നിർണ്ണയിച്ചിരിക്കുന്നു. (ഖണ്ഡിക 1-14 കാണുക )
2. മൂന്ന് നില കെട്ടിടത്തിന് ലിഫ്റ്റിനായി അപേക്ഷിച്ചു – നികുതി നിർണയ രേഖകൾ താഴത്തെ നിലയ്ക്ക് മാത്രം. (ഖണ്ഡിക 1-15 കാണുക )
3. വെള്ളക്കരം കുടിശ്ശിക – പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തൽ അനിവാര്യം (ഖണ്ഡിക 1-18 കാണുക )
4. മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി. (ഖണ്ഡിക 1-20 കാണുക )
5. പഠനമുറി – അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി. (ഖണ്ഡിക 1-21 കാണുക )
6. ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ല. (ഖണ്ഡിക 1-27 കാണുക )

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല .

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്,

ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കാനും കഴിയുന്ന തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രാപ്തമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/12/2022 | 01/07/2022 – 30/09/2022 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11/09/18 മുതൽ 19/09/2018 വരെ | 2013-14 മുതൽ 2017-18 വരെ | 26/10/2018 |

1-11 തൊഴിൽ നികുതി ഈടാക്കിയില്ല.

ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

2022-23 ലെ തൊഴിൽനികുതി രജിസ്റ്റർ, സ്റ്റേറ്റുമെന്റ് എന്നിവ പരിശോധിച്ചതിൽ നിന്ന്, തൻവർഷം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡെൽഹി പബ്ലിക് സ്കൂൾ, മീയണ്ണൂർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം 2019-ൽ ആണ് ഈ സ്കൂൾ സ്ഥാപിച്ചത്. സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2019-20 മുതൽ ഈടാക്കുന്നതാണെന്ന മറുപടിയാണ് നല്കിയത്. 2019-20 മുതൽ 2022-23 വരെയുള്ള വർഷങ്ങളിലെ തൊഴിൽ നികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതും നിയമപ്രകാരം കുടിശ്ശിക ഈടാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ അത്തരത്തിൽ കാലഹരണപ്പെട്ട തുക കണക്കാക്കി ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

2) സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ശ്രീ ധനലക്ഷ്മി എന്റർ പ്രൈസസ് | I, II |
| 2 | HDFC ബാങ്ക് ലിമിറ്റഡ്, കൊട്ടിയം | I, II |

3) പഞ്ചായത്ത് പരിധിയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വിവിധ

മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ടാക്സി വാഹന ഉടമകൾ (രണ്ടിലധികം), ടൂറിസ്റ്റ് ബസ് ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും 2022-23 ലെ തൊഴിൽ നികുതിയും, റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തൊഴിൽനികുതി, സ്ഥാപന-തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയത്. നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 7/17-10-23

1-12 വാടക കുടിശ്ശിക - ഡെപ്പോസിറ്റ് പൂർണ്ണമായി മുതൽക്കൂട്ടിയില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊട്ടിയം മാർക്കറ്റിലെ 8-ാം നമ്പർ കടമുറി ലേലത്തിനെടുത്തിരുന്ന ശ്രീമതി. റഷീദാ ബീവി, കല്ലുവിള പടിഞ്ഞാറ്റതിൽ എന്ന വ്യക്തി 2020-21, 2021-22 വർഷങ്ങളിലെ വാടക കുടിശ്ശിക ഒടുക്കാനുണ്ടായിരുന്നതിനാൽ ഡെപ്പോസിറ്റ് തുക 50,000/-രൂപ വാടക ഇനത്തിലേക്ക് മാറ്റാനും, ടിയാൾ മരണപ്പെട്ടതിനാൽ അവകാശികൾ ആരും ഇല്ലാത്ത സാഹചര്യത്തിൽ 2021-22 ലെ അവശേഷിക്കുന്ന വാടക കുടിശ്ശിക ഒഴിവാക്കി നൽകുന്നതിനും 11/08/22 ൽ 29(1) നമ്പരായി കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് തുക 2020-21, 2021-22 വർഷങ്ങളിലെ വാടക കുടിശ്ശിക ഇനത്തിലേക്ക് മാറ്റിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിൽ 40,640/-രൂപ (പിഴപ്പലിശ ഉൾപ്പെടെ) മാത്രം വാടക കുടിശ്ശിക ഇനത്തിലേക്ക് മാറ്റിയതിന്റെ രേഖകൾ ആണ് ഹാജരാക്കിയത്. ഡെപ്പോസിറ്റ് ഇനത്തിലെ 9,360/-രൂപ ഇനിയും വാടക ഇനത്തിൽ മുതൽ കൂട്ടാൻ അവശേഷിക്കുന്നുണ്ട്. 9,360/-രൂപ വാടക കുടിശ്ശികയിലേക്ക് മുതൽ കൂട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 9,360/-രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയത്. തുക മുതൽകൂട്ടി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 9/17.10.23

1-13 കെട്ടിട നികുതി – ഒരേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത നിരക്ക് നിർണ്ണയിച്ചിരിക്കുന്നു.

2022-23 ൽ അസ്സസ് ചെയ്ത ശ്രീമതി ഷിംന & ഷിംല, അൽമാസ്, കാവുവിള ജംഗ്ഷൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള 20/808, 20/811 എന്നീ നമ്പർ കെട്ടിടങ്ങളിൽ 23.40 $M^2$ വിസ്തീർണമുള്ള 20/808 നമ്പർ കെട്ടിടത്തിന് 5 മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യമുള്ള റോഡിൽ നിന്നുള്ള പ്രവേശനമാർഗത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയുടെ കൂടെ 20% വർദ്ധനവ് വരുന്ന തുക ഈടാക്കിയിട്ടുണ്ട്. ബിൽഡിങ്ങ് പ്ലാനിലും ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത് 5 മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യമുള്ള റോഡിനോട് ചേർന്നാണ്. ഇതേ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന 158.24 $M^2$ വിസ്തീർണമുള്ള 20/811 നമ്പർ കെട്ടിടത്തിന്റെ ഫയൽ, സൈറ്റ് പ്ലാൻ എന്നിവ പരിശോധിച്ചതിൽ, പ്ലാനിൽ ഈ കെട്ടിടം 5 മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യമുള്ള റോഡിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത് എന്ന് വ്യക്തമായി. Existing Office Room Building ആയി 20/808 നമ്പർ കെട്ടിടം പ്ലാനിൽ കാണിച്ചിട്ടുമുണ്ട്. കൊമേഴ്ഷ്യൽ ഷെഡ് എന്ന ഉപയോഗക്രമം ആയി നികുതി നിർണയം നടത്തിയിരിക്കുന്ന ഈ കെട്ടിടത്തിന്റെ വസ്തു നികുതിയോടൊപ്പം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുന്ന തുക ഈടാക്കിയിട്ടില്ല. നികുതി നിർണയം സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്റർ | ഉപയോഗക്രമം | നിരക്ക് (ച.മീറ്റർ) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലെ വർദ്ധനവ് (20%) | വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവ് വരുത്താത്തതിനാൽ വസ്തുനികുതിയിൽ |
|---|---|---|---|---|---|---|---|---|

| | | | | | | | | കുറവുണ്ടായ തുക |
|---|---|---|---|---|---|---|---|---|
| 1 | 20 | 808 | 23.40 $M^2$ | ഓഫീസ് ആവശ്യം | 40/- | 936/- | 187/- | ഇല്ല |
| 2 | 20 | 811 | 158.24 $M^2$ | കൊമേഴ്ഷ്യൽ ഷെഡ് | 60/- | 9,494.4/- | ഈടാക്കിയില്ല | 1,899/- |

20/811 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി ഇനത്തിൽ 1,899/-രൂപ കുറവുണ്ടായിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം: 14/19.10.23

1-14 പ്രമുഖ വസ്ത്ര വ്യാപാര സമുച്ചയത്തിന്റെ നികുതി നിർണ്ണയം താഴത്തെ നിലയ്ക്ക് മാത്രം.

19-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പ്രമുഖ വസ്ത്ര വ്യാപാര സമുച്ചയം താഴത്തെ നില, ഒന്നാം നില, രണ്ടാം നില, സ്റ്റെയർ ക്യാബിൻ എന്നിവ ഉൾപ്പെട്ടതാണ്. കെട്ടിടത്തിന്റെ നികുതി നിർണയ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ആകെ 728, 729.730, 224, 235, 236, 238 എന്നീ 7 കെട്ടിട നമ്പറുകൾ ആണ് നല്കിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | തറ വിസ്തീർണം |
|---|---|---|
| 1 | 728 | 35 $M^2$, താഴത്തെ നില |
| 2 | 729 | 25 $M^2$, താഴത്തെ നില |
| 3 | 730 | 317 $M^2$, താഴത്തെ നില |
| 4 | 224 | 15 $M^2$, താഴത്തെ നില |
| 5 | 235 | 700 $M^2$, താഴത്തെ നില |
| 6 | 236 | 400 $M^2$, താഴത്തെ നില |
| 7 | 238 | 350 $M^2$, താഴത്തെ നില |
| ആകെ | 1842 $M^2$ | |

കെട്ടിടങ്ങൾ എല്ലാം താഴത്തെ നിലയായി മാത്രം പരിഗണിച്ച് ആണ് നികുതി നിർണയിച്ചിരിക്കുന്നത്. ഒന്നാം നില, രണ്ടാം നില, സ്റ്റെയർ ക്യാബിൻ എന്നിവ നികുതി നിർണയത്തിൽ ഉൾപ്പെട്ടിട്ടില്ല. നികുതി നിർണയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി വരുത്തിയ സമയത്തെ അപാകതയാണ് എന്നും ഈ കെട്ടിടങ്ങൾക്ക് നിലകൾക്ക് അനുസൃതമായി ഏരിയ റീ-അസ്സസ് ചെയ്ത് നികുതി പരിഷ്കരിച്ച് ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഏരിയ റീ-അസ്സസ് ചെയ്ത് നികുതി പുനർനിർണ്ണയിച്ച രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം: 10/18.10.23

1-15 സ്വകാര്യ പാർക്കിംഗ് സ്ഥലം - ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1995-ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ 22, 25 പ്രകാരം ഒരു സ്വകാര്യ വണ്ടിത്താവളം തുറക്കാനോ ലൈസൻസ് പുതുക്കാനോ വേണ്ടിയുള്ള അപേക്ഷ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകേണ്ടതും, ഒരു പുതിയ ലൈസൻസ് അനുവദിക്കാനുള്ള ഫീസ് ആക്ടിലെ 228-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏറ്റവും കൂടിയ തുകയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ പാർക്കിംഗ് സ്ഥലത്തിന് ലൈസൻസ് എടുത്തിട്ടില്ല. ഈ സ്ഥലം ശ്രീ. സുനിൽ,

സോപാനം എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ളതാണെന്നും, ടി പാർക്കിംഗ് സ്ഥലത്തിന് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 3/13.10.23

1-16 ഗ്യാസ് ക്രിമറ്റോറിയം - കരാറുകാരനിൽ നിന്നും വൈദ്യുതി ചാർജ് കുടിശ്ശിക ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊട്ടിയം പൊതു ശ്മശാനം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി 19.11.2018 ൽ പുന: ക്വട്ടേഷൻ നല്കിയതിന്റെ അടിസ്ഥാനത്തിൽ ഓപ്പറേറ്റർ, ഗ്യാസ്, ഇലക്ട്രിസിറ്റി ബിൽ, 1,000/-രൂപയ്ക്കുള്ളിൽ വരുന്ന മൈനർ വർക്കുകൾ എന്നിവ ഉൾപ്പടെ ബോഡി ഒന്നിന് 3,500/-രൂപ നിരക്കിൽ ഒരു വർഷത്തേക്ക് കരാർ ഏറ്റെടുക്കുവാൻ തയ്യാറാണെന്നും, കൂടാതെ ഒരു വർഷത്തെ നടത്തിപ്പിന് 30,000/-രൂപ പഞ്ചായത്തിൽ ഒടുക്കിക്കൊള്ളാമെന്നുമുള്ള വ്യവസ്ഥയിൽ ഏറ്റവും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. രജീഷ് കുമാർ, ബിന്ദു നിവാസ് എന്ന വ്യക്തി 5/3/2019 മുതൽ 19/3/2020 വരെ ശ്മശാനം പ്രവർത്തിപ്പിക്കുന്നതിന് 26.02.2019 ൽ സെക്രട്ടറിയുമായി കരാർ വെച്ചു. ടിയാൾ 2020-2021 ൽ 30,000/-രൂപ ഒടുക്കി. എന്നാൽ തുടർ വർഷത്തിൽ തുക അടവാക്കിയതായി ബോധ്യപ്പെടുന്നില്ല. 2022-2023 ൽ പൊതു ശ്മശാനത്തിന്റെ കറണ്ട് ചാർജ്ജ് കുടിശ്ശിക ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും 28,313/-രൂപ ചെലവഴിച്ചിട്ടുണ്ട്. 21/07/22 ലെ 18(1) നമ്പർ തീരുമാനത്തിൽ കറണ്ട് ചാർജ്ജ് കുടിശ്ശിക റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കരാറുകാരനിൽ നിന്ന് ഈടാക്കാൻ തീരുമാനിച്ചുവെങ്കിലും തുടർനടപടി സ്വീകരിച്ചില്ല. 2022-2023 മുതൽ പൊതു ശ്മശാനത്തിന്റെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് നേരിട്ട് ഏറ്റെടുത്തിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി സ്വീകരിച്ച് 28,313/-രൂപ ഈടാക്കി തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മുതൽ കൂട്ടിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 15/19.10.23

1-17 വെള്ളക്കരം കുടിശ്ശിക - പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തൽ അനിവാര്യം.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി | പൊതുടാപ്പുകളുടെ വെള്ളക്കരം (നം. 17/23) |
| അടങ്കൽ | 18,72,264/-രൂപ (CFC ഫണ്ട്) |
| ചെലവ് | 17,66,408/-രൂപ (XVFC 2022-23/P/35/15.3.23) |

എല്ലാ തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണമെന്നും ഇതിനെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കുകയും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പ് വരുത്തുകയും ചെയ്യണമെന്നും, സ.ഉ.(സാ) നം. 1275/2009/ ത.സ്വ.ഭ.വ തീയതി 30-05-2009 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2022-23 ൽ മേൽ പദ്ധതി പ്രകാരം ആകെ 17,66,408/-രൂപ വെള്ളക്കരമിനത്തിൽ CFC ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റി എല്ലാ മാസവും നൽകുന്ന ഡിമാന്റ് നോട്ടീസിൽ 332 ടാപ്പുകൾ ഉള്ളതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി രേഖകൾ സൂക്ഷിക്കുന്നില്ല. 2023 ജനുവരി വരെ ടാപ്പൊന്നിന് 5,788/-രൂപ നിരക്കിലും, ഫെബ്രുവരി മുതൽ ടാപ്പ് ഒന്നിന് 14,559/-രൂപ നിരക്കിലുമാണ് വെള്ളക്കരം ഡിമാന്റ് ചെയ്തിട്ടുള്ളത്. 2022-23 അവസാനം 14,02,088/-രൂപ കുടിശ്ശികയുള്ളതായി ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അതിനനുസരിച്ച് വെള്ളക്കരം ഒടുക്കുന്നതിനും, അധികമായി തുക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ക്രമീകരിച്ചു ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ

പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-18 അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ - അനുവദനീയമായതിലും അധികം തുക നൽകി - 3,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി, നം | അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ (115/23) |
| അടങ്കൽ തുക | 6,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 5,12,400/-രൂപ (ബിൽ നം. 3/27.1.23- 1,79,400/-<br>4/28.11.22- 1,29,600/-<br>5/28.11.22- 48,000/-<br>9/17.2.23- 45,600/-<br>25/29.3.23 – 32,400/-<br>27/29.3.23- 44,400/-<br>28/29.3.23- 33,000/-) |

അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ 120/-രൂപ വിലയുള്ള 5 മുട്ടക്കോഴികളെ വീതം ഒരു യൂണിറ്റായി വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മുട്ടക്കോഴി വാങ്ങിയതിന് എം.എസ്. എഗ്ഗർ നഴ്സറിക്ക് ബിൽ നം. 4/28.11.22 പ്രകാരം 1,29,600/-രൂപ അനുവദിച്ചിട്ടുണ്ട്. ക്യാഷ് ബിൽ നം.22/26.12.22 പ്രകാരം 1055 മുട്ടക്കോഴികൾക്ക് 120/-രൂപ നിരക്കിൽ 1,29,600/-രൂപ നൽകിയിരിക്കുന്നു. 1055 എണ്ണം മുട്ട കോഴികൾക്ക് 120/-രൂപ നിരക്കിൽ നൽകേണ്ട തുക 1,26,600/-രൂപ ആണെന്നിരിക്കെ 1,29,600/-രൂപ നൽകിയത് വഴി 3,000/-രൂപ അധികം നൽകി. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.
അധികം ചെലവഴിച്ച 30,00/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 13/18.10.23
നിരാകരിച്ച തുക – 3,000/-രൂപ

1-19 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരേ ഗുണഭോക്താക്കൾക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | മെറിറ്റോറിയസ് സ്കോളർഷിപ്പ് (220/23) |
| അടങ്കൽ തുക | ₹15,46,775/-<br>(വികസന ഫണ്ട് - എസ്.സി.പി)<br>₹23,225/- (തനത് ഫണ്ട്)<br>₹2,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | ₹14,56,775/-<br>(വികസന ഫണ്ട് - എസ്.സി.പി)<br>3,225/- (തനത് ഫണ്ട്)<br>2,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ബിൽ നം.15/23.12.22- 30,000/-<br>ബിൽ നം.16/28.12.22- 40,000/- |

| | |
|---|---|
| | ബിൽ നം.17/28.12.22- 95,000/-<br>ബിൽ നം.18/9.1.23- 95,000/-<br>ബിൽ നം.19/9.1.23-4,10,000/-<br>ബിൽ നം.24/16.2.23- 6,75,000/-<br>ബിൽ നം.30/28.02.23-2,00,000/-<br>ബിൽ നം.31/14.3.23- 1,775/-<br>ബിൽ നം.34/27.3.23- 50,000/-<br>ബിൽ നം.36/28.3.23-40,000/-<br>ബിൽ നം.40/29.3.23- 20,000/-<br>ചെക്ക് നം.732274/18.3.23 - 3,225/- |

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ(കൈ) നം.115/2022 /ത.സ്വ.ഭ.വ തീയതി.28.5.22, ഖ.7.2.5 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ലഭിക്കുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി 2022-23 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കുതന്നെ ആനുകൂല്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി നം. |
|---|---|---|---|
| SARANYA S MOL,<br>SASI VILASAM<br>67303777511 | 30000.00 | Ithikkara<br>Block Panchayat | 220304630677000044044<br>(Bill ID) |
| | 30000.00 | Adichanalloor<br>Grama Panchayat | 220304520956011974O8 |
| NIKHIL S BINU,<br>NITHA BHAVANAM<br>PALLIPADINJATTATHIL<br>3319155318 | 15000.00 | Ithikkara<br>Block Panchayat | 220304000000000801<br>(Bill ID) |
| | 20000.00 | Adichanalloor<br>Grama Panchayat | 220304000000011106 |
| NAVAL MANAV P,<br>THIRUVONAM PLAKKADU<br>39820392053 | 20000.00 | Adichanalloor<br>Grama Panchayat | 220304520956000983550<br>(Bill ID) |
| | 15000.00 | Ithikkara<br>Block Panchayat | 220304630677000099493 |
| AMBADI S,<br>AMBILI MANDIRAM<br>VALIYA MADAM NORTH<br>MYLAKKADU<br>37074624963 | 20000.00 | Adichanalloor<br>Grama Panchayat | 220304520956010014175<br>(Bill ID) |
| | 15000.00 | Ithikkara<br>Block Panchayat | 220304630677000099351 |
| SOUMYA JAYADEV,<br>REMYALAYAM PUNCHIRICHIRA<br>336702010910568 | 20000.00 | Adichanalloor<br>Grama Panchayat | 220304000000011106 |
| | 15000.00 | Ithikkara Block<br>Panchayat | 220304000000001348 |
| VISHNU PRIYA S, VAZHAVILA | | Ithikkara Block | 220304000000001348 |

| | | | |
|---|---|---|---|
| PUTHENVEEDU ADICHANALLOOR 1548101029333 | 15000.00 | Panchayat | |
| | 20000.00 | Adichanalloor Grama Panchayat | 220304000000011106 |
| NIDHI R D, MELATHIL VEEDU PLAKKADU 336702120001437 | 20000.00 | Adichanalloor Grama Panchayat | 220304520956011974 08 |
| | 15000.00 | Ithikkara Block Panchayat | 220304000000001348 |
| THEERTHA S, CHITHRALAYAM 336702120001437 | 25000.00 | Adichanalloor Grama Panchayat | 220304520956010141 75 |
| | 15000.00 | Ithikkara Block Panchayat | 220304630677000993 41 |
| ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക | 1,75,000/- | | |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള ജില്ലാ പട്ടികജാതി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് ആനുകൂല്യം നല്കിയിട്ടുള്ളത്. എന്നാൽ വെബ്സാംഖ്യയിൽ ബാങ്ക് അക്കൌണ്ട് വച്ച് പരിശോധിച്ചപ്പോൾ മേൽ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് 2022-23 ൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച 1,75,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഈ വിഷയത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ നിന്നും വ്യക്തത വരുത്തി അധികം നല്കിയ 1,75,000/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നാണോ രണ്ടാമത് നൽകിയത് പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്ന് തുക ഈടാക്കാൻ കഴിയാത്ത പക്ഷം ക്രമവിരുദ്ധമായ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ വിശദമായ അന്വേഷണത്തിലൂടെ കണ്ടെത്തി തുക ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/19.10.23
നിരാകരിച്ച തുക - 1,75,000/-രൂപ

1-20 പഠനമുറി - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | പഠനമുറി (191/23) |
| അടങ്കൽ തുക | ₹18,00,000/-<br>(വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് തുക | ₹9,00,000/-<br>(ബിൽ നം. 11/20.1.23 – 1,00,000/-<br>23/23.1.23 – 1,50,000/-<br>26/17.2.23 – 2,00,000/-<br>29/28.2.23 – 2,00,000/-<br>33/16.3.23 – 2,00,000/- |

| | |
|---|---|
| | 39/31.3.23 - 50,000/- ) |

പഠന മുറിയ്ക്ക് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രീരാമദാസിന്റെ മകളായ സാന്ദ്ര ദാസ് എ എസ്, ചിറക്കര പുത്തൻ വീട്, കൊട്ടിയം പി.ഒ എന്ന വിദ്യാർഥി Natya Arts Learning App (Under Living Theatre Pvt Ltd) ലെ ആദ്യ സെമസ്റ്റർ ഭരതനാട്യം ഡിപ്ലോമയ്ക്ക് പഠിക്കുകയാണ് എന്ന് വ്യക്തമായി. ഈ ഗുണഭോക്താവിന് പഠനമുറി നിർമ്മാണത്തിനായി രണ്ടു ഗഡുക്കളായി 1,00,000/-രൂപ നൽകിയിട്ടുണ്ട്. ഈ കോഴ്സിന്റെ അംഗീകാരം സംബന്ധിച്ച് സ്ഥാപനത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം 3.8.23 ൽ ഇ-മെയിലായി ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് നാട്യ എന്ന സ്ഥാപനം MSME യിൽ രജിസ്റ്റർ ചെയ്തു, കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരമുള്ള ഒരു സ്റ്റാർട്ടപ്പാണെന്നും നാട്യ നടത്തുന്ന ഡിപ്ലോമ കോഴ്സുകളുടെ സർട്ടിഫിക്കറ്റിന് വിദ്യാഭ്യാസ വകുപ്പിന്റെയോ സർവകലാശാലകളുടേയോ അംഗീകാരമില്ല എന്നുമാണ്. കോഴ്സിന് അംഗീകാരമില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ പലിശ സഹിതം തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ടും അല്ലെങ്കിൽ ആർ.ആർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ടും കത്ത് നൽകിയതായി അസിസ്റ്റന്റ് സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം പരിശോധിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയ ഇനത്തിലെ ഒരു ലക്ഷം രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒരു ലക്ഷം രൂപ പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/19.10.23

നിരാകരിച്ച തുക - 1,00,000/-രൂപ

1-21 സമഗ്ര നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ട് നം | സമഗ്ര നെൽകൃഷി വികസനം പദ്ധതി (91/23) |
| അടങ്കൽ തുക | ₹9,04,784/- (വികസന ഫണ്ട്)<br>₹12,34,615/-(ഗു.ണ വിഹിതം) |
| ചെലവഴിച്ച തുക | ₹9,04,784/- (ബിൽ നം.1/19.1.23- 1,34,400/-<br>2/19.1.23 - 7,61,728/-<br>5/21.3.23 - 8,656/-) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.9 പ്രകാരം നെൽകൃഷി ഒരു പൂകൃഷിയ്ക്ക് വിത്ത്, വളം, കീടനാശിനികൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവയ്ക്കായി ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 25,000/-രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് നെൽകൃഷി വികസനം പദ്ധതിയിൽ ഒരു പൂകൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി തുക അനുവദിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി | അനുവദിച്ച തുക (രൂപ) | അനുവദിക്കാവുന്ന തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| ശ്രീ മണികണ്ഠൻ കെ<br>എം.എസ് ഭവൻ<br>ആദിച്ചനല്ലൂർ | 0.29 Ha | 8,650/- | 7,250/- | 1,400/- |
| ശ്രീമതി സിന്ധു പ്രകാശ്, | 1.06 Ha | 34,624/- | 26,500/- | 8,124/- |

| | | | | |
|---|---|---|---|---|
| വിശാഖ്, ആദിച്ചനല്ലൂർ | | | | |
| ശ്രീ ജിജോ കെ എബ്രഹാം, തെക്കേതോട്ടത്തിൽ വീട്, ആദിച്ചനല്ലൂർ | 0.34 Ha | 10,820/- | 8,500/- | 2,320/- |
| | | | ആകെ | 11,844/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി, മേൽ ഗുണഭോക്താക്കൾ രണ്ടാംവിള നെൽകൃഷി ചെയ്തിട്ടുണ്ടെന്നും കരം തീർത്ത രസീതിന്റെ അഭാവത്തിൽ കൃഷി ചെയ്ത വിസ്തൃതിക്ക് ആനുപാതികമായാണ് ആനുകൂല്യം അനുവദിച്ചത് എന്നുമാണ്. എന്നാൽ ഒരു പൂകൃഷിയ്ക്കാണ് ആനുകൂല്യം അനുവദിക്കുന്നതെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല പ്രസ്തുത പദ്ധതിയിൽ ഭൂവിസ്തൃതിക്ക് ആനുപാതികമായി ആനുകൂല്യം നൽകിയതു കൂടാതെ നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്ന് ആനുപാതികമായി വിത്തും വാങ്ങി നൽകിയിട്ടുണ്ട്.

മേൽ കാരണങ്ങളാൽ അധികം അനുവദിച്ച തുകയായ 11,844/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം അനുവദിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/18.10.23
നിരാകരിച്ച തുക – 11,844 /-രൂപ

## 1-22 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 4,42,930/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 ൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (നം. 51/23) | 4,77,342/- (CFC ഫണ്ട്) | 3,02,930/- | 2,11,102/- -(XVFC/2022-23 /P/21/dtd 29.10.22) 91,828/- (XVFC/2022-23 /P/30/dtd 11.11.22) | എസ്റ്റിമേറ്റ് തുകയായ 2,11,102/-രൂപ KSEB കൊട്ടിയം, 91,828/-രൂപ KSEB ചാത്തന്നൂർ എന്നിവിടങ്ങളിൽ ഒടുക്കു വരുത്തി |
| 2. | PMAY വിഹിതം നൽകൽ ജനറൽ (നം. 179/23) | 70,000/- (വികസന ഫണ്ട്) | 70,000/- | 20/14.02.23 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഒടുക്കു വരുത്തി |
| | PMAY വിഹിതം നൽകൽ എസ്.സി.പി (നം. 176/23) | 70,000/- (വികസന ഫണ്ട് എസ്.സി.പി) | 70,000/- | 19/14.02.23 | ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഒടുക്കു വരുത്തി |
| | | ആകെ | 4,42,930/- | | |

മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ

ഹാജരാക്കിയിട്ടില്ലാത്തതിനാൽ 4,42,930/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 2/12.10.23
തടസ്സപ്പെടുത്തിയ തുക - 4,42,930/-രൂപ

1-23 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് തുക മുൻകൂറായി നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ തുക (₹) | ചെലവുതുക (₹) | ബിൽ നം./തീയതി | മരുന്ന വാങ്ങലിനായി നൽകിയ തുക (₹) | ലഭ്യമാകാനുള്ള മരുന്നുകളുടെ വില (₹) |
|---|---|---|---|---|---|
| 21/23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 4,00,000/-(മെയി.ഫണ്ട്-റോഡിതരം) | 4,00,000/- | 1/6.03.23 | 4,00,000/- | 4,00,000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടെ തുകയായ 4,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. : 5/17.10.23
തടസ്സപ്പെടുത്തിയ തുക : 4,00,000/-രൂപ

1-24 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുകയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പിലെ വിവരങ്ങളും അന്തിമമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ താഴെ രേഖപ്പെടുത്തിയ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് -

11/08/2022 – തീരുമാന നമ്പർ :- 2

"ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 13 മൂഴിയിൽഭാഗം ഓടനിർമ്മാണം പദ്ധതി സംബന്ധിച്ച് പ്രസ്തുത സ്ഥലപരിശോധനയിലും വില്ലേജ് ഓഫീസിൽ നിന്നും ഹാജരാക്കിയ രേഖകളിലും സർക്കാർ വക ഭൂമിയിൽ ഓട നിർമ്മിക്കുന്നതിന് 50 മീറ്റർ നീളവും 2.5 മീറ്റർ വീതിയും ഉണ്ട് എന്നുള്ള എ.ഇ. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഭാഗം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. ആയതിനാൽ സചിത്ര സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു."

റവന്യൂ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ മേൽ റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കാൻ പാടുള്ളൂ. ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-25 ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല.

2015-2016 മുതൽ 2022-2023 വരെയുള്ള വർഷങ്ങളിലെ ടെണ്ടർ ഫീസ് ഇനത്തിലെ വരവ് തുകയായ 5,53,828/-രൂപ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| വർഷം | തുക (രൂപ) |
|---|---|
| 2015-2016 | 51,555/- |
| 2016-2017 | 43,610/- |
| 2017-2018 | 65,200/- |
| 2018-2019 | 94,640/- |
| 2019-2020 | 27,692/- |
| 2020-2021 | 1,58,025/- |
| 2021-2022 | 66,866/- |
| 2022-2023 | 46,240/- |
| ആകെ തുക | 5,53,828/- |

ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ, 13.10.2023-ലെ 28/എ.ഇ. /എൽ.ഐ.ഡി ആന്റ് ഇ.ഡബ്ല്യ/എ.ഡി.എൻ.ആർ/2023-24 കത്ത് മുഖേന ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് തുക ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് മേൽ തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 ദേശീയ പാതയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ ഏറ്റെടുത്തതിന് നഷ്ടപരിഹാരം ലഭിച്ചില്ല.

ദേശീയ പാത 66 ന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുത്തതിൽ ഗ്രാമപഞ്ചായത്തിന്റെ കൊട്ടിയം ലൈബ്രറി കെട്ടിടവും സ്ഥലവും, മൈലക്കാട് (വാർഡ് 13) ഉള്ള പൊതുകിണർ, ആദിച്ചനല്ലൂർ മാർക്കറ്റിലേയ്ക്കുള്ള വഴി, ദേശീയ പാതയിലേയ്ക്കുള്ള വിവിധ കോൺക്രീറ്റ്, ടാർ റോഡുകൾ ( ആകെ 17 എണ്ണം ) എന്നിവ ഉൾപ്പെടുന്നു. പല ആസ്തികളും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉണ്ടെങ്കിലും സർക്കാർ വക സ്ഥലം എന്നാണ് റവന്യൂ രേഖകളിൽ ഉള്ളത്. അതിനാൽ സ്ഥലം ഏറ്റെടുക്കുമ്പോൾ സ്ഥലത്തിന്

നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ഗ്രാമപഞ്ചയത്ത് നടത്തിയ നിർമ്മിതികൾക്ക് നഷ്ടപരിഹാരം അനുവദനീയമാണ്. ഗ്രാമപഞ്ചായത്ത് അധികാരികൾ ഇതിനായുള്ള പ്രാരംഭ നടപടികൾ മാത്രമാണ് നാളിതുവരെ നടത്തിയിട്ടുള്ളത്.(11.08.2022 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം, 08.04.2022 ലെ സ്പെഷ്യൽ തഹസീൽദാർ എൽ.എ.എൻ.എച്ച്.എ.ഐ-യ്ക്ക് നൽകിയ എ4/6019/2022 നം.കത്ത് )

പൊതുപണം ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, റവന്യൂ രേഖകളിൽ ഉൾപ്പെടുത്തുന്നതിൽ മുൻ കാലങ്ങളിൽ ചുമതലപ്പെട്ടവർ വരുത്തിയ വീഴ്ചകൾ മൂലം വൻതുക ഗ്രാമപഞ്ചായത്തിന് നഷ്ടമായി എന്ന വസ്തുത ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു. മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനകം തന്നെ അവാർഡ് തുകകൾ ലഭിച്ചുവെന്ന വസ്തുത പ്രത്യേകം പരാമർശിക്കുന്നു.

ഗ്രാമപഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമുമ്പ് അവയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കി റവന്യൂ രേഖകളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, റിയൽ എസ്റ്റേറ്റ് ഓഫീസർ ആയ അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഉറപ്പാക്കേണ്ടതാണ്.

ദേശീയപാതയ്ക്കായി ഏറ്റെടുത്ത വസ്തുക്കളുടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥാവകാശം/കൈവശ രേഖകൾ എന്നിവ റവന്യൂ അധികാരികൾക്ക് സമർപ്പിച്ച് നിയമപ്രകാരം ലഭിക്കാവുന്ന നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയും ആയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് അന്വേഷണം നം . 17/ 19.10.2023

## 1-27 പുറമ്പോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന പുറമ്പോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169(5), 218 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കു വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ഇവ പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും കൈയേറ്റക്കാരിൽ നിന്നും സംരക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പുറമ്പോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, രേഖപ്പെടുത്തിയിട്ടുള്ള 15.07.2019 ലെ കണക്കുകൾ പ്രകാരം, ഗ്രാമപഞ്ചായത്തിൽ ആദിച്ചനല്ലൂർ ബ്ലോക്ക് 28-ൽ 6.25.56 ഹെക്ടറും, ബ്ലോക്ക് 29-ൽ 6.90.36 ഹെക്ടറും പുറമ്പോക്ക് ഭൂമി നിലവിലുണ്ട്. എന്നാൽ 1995 ലെ റീസർവ്വേയ്ക്ക് ശേഷം ഇവയിൽ പല സ്ഥലങ്ങളും പി.ഡബ്ല്യു.ഡി റോഡ്, മറ്റ് കൈവശം എന്നിവ ഉൾപ്പെടെയുള്ള രേഖപ്പെടുത്തലുകളാണ് നടത്തിയിട്ടുള്ളത്. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ കൈവശം എത്ര വിസ്തീർണ്ണത്തിലാണ് പുറമ്പോക്ക് ഭൂമിയുള്ളതെന്ന് കൃത്യമായ രേഖ ഇല്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്ട്സ് ബുക്കിൽ താഴെ രേഖപ്പെടുത്തിയ തീരുമാനം എടുത്തിട്ടുണ്ട്.

14.10.2022 ലെ തീരുമാനം – 1

“ ആദിച്ചനല്ലൂർ വില്ലേജിലെ മുൻ സർവ്വേ 181 ൽ പ്പെട്ട 3.40 ഏക്കർ ഭൂമി സർക്കാർ പുറമ്പോക്കിലേക്ക് മാറ്റിയുള്ള ബഹു. ജില്ലാ കളക്ടറുടെ ഉത്തരവ് (DCKLM/10686/2019-L6) കമ്മിറ്റി വിശദമായി ചർച്ചചെയ്തു. നിലവിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും 3.40 ഏക്കർ വസ്തു നിയമപരമായി വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ നിയമോപദേശം വാങ്ങുന്നതിനും തീരുമാനിച്ചു. തുടർനടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.”

കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തുന്ന സ്ഥലങ്ങളുടെ കൈമാറ്റം, നിർമ്മാണ പ്രവർത്തനങ്ങൾ, എന്നിവ നിയമ പ്രശ്നങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും ഇടവരുത്തുവാൻ

സാധ്യതയുള്ളതിനാൽ പുറമ്പോക്ക് സംബന്ധിച്ച വിവരങ്ങൾ വില്ലേജ് അധികാരികളിൽ നിന്നും ലഭ്യമാക്കി കാലികമാക്കി സൂക്ഷിക്കേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെ സംരക്ഷണം, നിബന്ധനകൾ എന്നിവ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 16.05.2018 ലെ സി2/15471/2018 നം.സർക്കുലറിലെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.

1-28 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 4,80,025/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടപ്പാക്കിയ പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിനായി K.M.S.C.L-ൽ 4,80,025/-രൂപ ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബിൽ നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 20/23- സ്വാന്തന പരിചരണം- പൊതു വിഭാഗം ഫണ്ട് | 6,20,440/-<br>99,096/- | ബിൽ നം. 11/5.11.2022<br>ബിൽ നം. 13/14.12.2022 | PRF 1716/17.10.2022<br>PRF 1715/17.10.2022 | 3,06,761/-<br>97,402/- | 3,13,679/-<br>1,694/- |
| 16/23 പി. എച്ച്. സി. യ്ക്ക് മരുന്ന് വാങ്ങൽ - മെയിന്റനൻസ് ഫണ്ട് (റോഡ് ഇതരം ) | 4,00,910/-<br>3,61,813/-<br>1,37,277/-<br>8,00,000/- | ബിൽ നം.1/ 09.06.2022<br>ബിൽ നം.3/ 06.07.2022<br>ബിൽ നം.4/ 22.08.2022<br>ബിൽ നം.2/ 05.07.2022 | PRF 194/ 30.05.2022<br>PRF 456/ 23.06.2022<br>PRF 678/ 15.07.2022<br>PRF 460/ 24.06.2022 | 3,85,065/-<br>3,32,270/-<br>1,09,246/-<br>7,08,767/- | 15,845/-<br>29,543/-<br>28,031/-<br>91,233/- |
| | | | | ആകെ തുക | 4,80,025/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 4,80,025/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 23/19.10.2023

തടസ്സപ്പെടുത്തുന്ന തുക - 4,80,025/-രൂപ

1-29 വൈദ്യുതി ബോർഡും വാട്ടർ അതോറിറ്റിയും റോഡുകളിൽ നടത്തിയ പ്രവൃത്തികൾക്ക് റോഡ് റെസ്റ്ററേഷൻ ചാർജ് ഈടാക്കിയില്ല.

1. പ്രോജക്ട് നം. 133/23- വലിയ തെങ്ങുവിള ജംക്ഷൻ - മേടയിൽ മുക്ക് റോഡ് മെയിന്റനൻസ് -വാർഡ് - 14

നിർവ്വഹണ ഉദ്യോഗസ്ഥ - അസി.എൻജിനീയർ, എൽ.എസ്.ജി.ഡി

മെയിന്റനൻസ് ഫണ്ട് (റോഡ്)

ചെലവ് - 3,63,329/-രൂപ

ബിൽ നം.12/14.03.2023

140 മീറ്റർ നീളത്തിൽ റോഡിന്റെ വശത്ത് വൈദ്യുതി കേബിൾ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡ് പ്രവൃത്തി നടത്തിയതിനാൽ പ്രസ്തുത പ്രോജക്ടിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 1,20,832/-രൂപ ജി.എസ്.ടി ഉൾപ്പെടെ ചെലവഴിച്ചു.

2. പ്രോജക്ട് നം.122/23 - ശിവാലയം മില്ല് മുതൽ ചിറക്കര വീട് വരെയുള്ള റോഡ് മെയിന്റനൻസ് –വാർഡ് - 1

മെയിന്റനൻസ് ഫണ്ട് (റോഡ്)

ചെലവ് – 3,84,381/-രൂപ

ബിൽ നം. 15/25.03.2023

137.8 മീറ്റർ നീളത്തിൽ റോഡിന്റ വശത്ത് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി പ്രവൃത്തി നടത്തിയതിനാൽ പ്രസ്തുത പ്രോജക്ടിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് 1,46,039/-രൂപ ജി.എസ്.ടി ഉൾപ്പെടെ ചെലവഴിച്ചു.

മറ്റ് സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് റോഡുകളിൽ നടത്തുന്ന പ്രവൃത്തികൾക്ക് റോഡ് റെസ്റ്ററേഷൻ ചാർജ്ജുകൾ വാങ്ങി മാത്രമേ അനുവാദം നൽകുവാൻ പാടുള്ളൂ. തുടർ വർഷങ്ങളിൽ വിഷയത്തിൽ ചുമതലപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

1-30 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

പദ്ധതിയിലൂടെ 2022-2023 ൽ 1218 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 93,964 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 731 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,37,80,341/-രൂപയുടെ ചെലവ്, ലൈഫ് ഭവന നിർമ്മാണം, മണ്ണ്-ജല സംരക്ഷണം എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.

1. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിവരം സൂക്ഷിക്കുന്നില്ല.

2. ചെയ്ത പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ/മേറ്റുമാരിൽ നിന്നും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

4. പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.

5. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012-ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭവ. നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. മെറ്റീരിയൽ സപ്ലയേഴ്സ് സ്ഥാപനവുമായി വച്ച കരാറുകളിലെ നിബന്ധനകൾ എല്ലാം മരാമത്ത് കരാറുകാർക്ക് ബാധകമായവയാണ്. സിമന്റിന്റെ മാർക്കറ്റ് റേറ്റ് ചുമതലപ്പെട്ടവർ ഇതുവരെ നിശ്ചയിച്ചിട്ടില്ല. കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവൃത്തികളിൽ വൈബ്രേറ്റർ, മിക്സിംഗ് മെഷീൻ എന്നിവ ഉപയോഗിച്ചതിന് രേഖയില്ല.

6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

7. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.

8. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

അപാകതകൾ പരിഹരിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മാത്രം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-31 തനത് വരുമാനം - അവലോകനം

( 1 ) വസ്തുനികുതി പരിഷ്കരണം

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നികുതി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 20/06/23ലെ 41(1)-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിലവിൽ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

( 2 ) സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

( 3 ) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (ഖണ്ഡിക 1-11).

( 4 ) ലൈസൻസ് – ഫീസ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും,

ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. (ഖണ്ഡിക 1-16 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

1-32 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗത്തിലുള്ള വിളക്കുകളുടെ എണ്ണം അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിന് 20.06.2023 ൽ എ4/5118/2023 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി അസി.എഞ്ചിനീയർക്ക് കത്ത് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ കൊട്ടിയം ഡിവിഷനിൽ നിന്നും പരിശോധന നടത്തി 22.07.2023 ൽ ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ഈ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ രേഖകൾ പ്രകാരം 5.08.2021 ൽ 1858 തെരുവ് വിളക്കുകൾക്ക് 1,83,709/-രൂപയാണ് കറണ്ട് ചാർജ് ഇനത്തിൽ ഡിമാന്റ് ചെയ്തതും അടവാക്കിയിട്ടുള്ളതും. നിലവിൽ (10/23) ൽ 2,13,891/-രൂപയാണ് കറണ്ട് ചാർജ് ഇനത്തിൽ അടവാക്കിയിട്ടുള്ളത്. ഓരോ മാസവും തുക ഉയർന്നുവരുന്നുണ്ട്.

തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15.09.2011 ലെ 3055/ഡിഎ3/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസിന് ടെണ്ടർ വിളിക്കുന്നതിന് മുൻപ് കെ.എസ്.ഇ.ബി.യും സ്ഥാപനവും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ബോധ്യപ്പെടേണ്ടതും ആയതിന്റെ വിവരം ടെണ്ടർ രേഖകളിൽ വ്യക്തമായി പരാമർശിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം സംയുക്ത പരിശോധന നടത്തുകയോ പോസ്റ്റുകളുടെ എണ്ണത്തെക്കുറിച്ച് ആധികാരിക കണക്കുകൾ തയ്യാറാക്കുകയോ ചെയ്യാതെയാണ് ഓരോ തവണയും ടെണ്ടർ വിളിക്കുകയും കരാർ വയ്ക്കുകയും ചെയ്യുന്നത്. വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രത്തെ ആധാരമാക്കി മാത്രമാണ് നിലവിൽ തുക നൽകുന്നത്. ആയത് ഉദ്യോഗസ്ഥ തലത്തിൽ പരിശോധിക്കപ്പെടുന്നില്ല.

പഞ്ചായത്ത് ജീവനക്കാരെ കൂടി ഉൾപ്പെടുത്തി പൊതു ലൈറ്റുകളുടെ കൃത്യമായ പരിശോധന നടത്തി പൊതു വിളക്കുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തേണ്ടതും ആയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 18/2022-23 തീയതി. 19.10.2023

1-33 അഡ്വാൻസ് തുക പൂർണ്ണമായും ക്രമീകരിച്ചിട്ടില്ല

വൗച്ചർ നം. 735/2022-23 പ്രകാരം സ്കൂളുകളുടെ കണ്ടിജന്റ് ചെലവുകൾക്കായി മൈലക്കാട് യു.പി.എസ് എച്ച്.എം.ന് (26.11.2022 ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ) 7.12.2022-ന് 1,00,000/-രൂപ അനുവദിച്ചിരുന്നു. 2022-23 ലെ വാർഷിക പത്രിക പരിശോധിച്ചതിൽ 12,632/-രൂപ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നു. ടി തുകയുടെ ചെലവ് ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ജി.ഒ.(പി) നമ്പർ.419/11/ഫിൻ തീയതി 4.10.2011 ലെ ഖണ്ഡിക 4(III) ലെ വ്യവസ്ഥ അനുസരിച്ച് മുൻകൂറുകൾ നിശ്ചിത സമയത്തിനുള്ളിൽ ക്രമീകരിച്ചില്ലെങ്കിൽ മുൻകൂർ ഇനത്തിൽ അനുവദിച്ച മുഴുവൻ തുകയും അനുവദിച്ച തീയതി മുതൽ റിക്കവറി നടത്തിയ തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

അഡ്വാൻസ് തുക പൂർണ്ണമായും ക്രമീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ - 21/2022-23 തീയതി. 19.10.2023

1-34 ഹരിത കർമ്മസേന - പ്രവർത്തനാവലോകനം

ഗ്രാമപഞ്ചായത്തിന്റെ 20 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിക്കുന്നതിനായി 40 ഹരിത കർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തന പരിധിയിൽ 10292 വീടുകളും 743 കടകളും ഉണ്ടെന്നുള്ള കണക്കുകളാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്.

മാസത്തിൽ ഒരു വീട്ടിൽ ഒരു ദിവസം പ്ലാസ്റ്റിക് ശേഖരണത്തിനായി എത്തുന്നുണ്ട്. ഒരു മാസം ശരാശരി 10 ദിവസങ്ങൾ ശേഖരണവും 5 ദിവസങ്ങൾ തരം തിരിക്കലിനുമായി ചെലവഴിക്കുന്നുണ്ട്. പരമാവധി 54% വീടുകൾ, കടകൾ എന്നിവയിൽ നിന്നുമാണ് കളക്ഷനും ഫീസ് ഈടാക്കലും നടന്നിട്ടുള്ളതെന്ന് കാണുന്നു. വാർഡുകളിൽ കളക്ഷൻ നടപടികൾ സുതാര്യമാക്കുന്നതിനായി ബാർകോഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2023 ലെ ആദ്യ ആറു മാസങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ ഏറ്റവും കൂടിയ തുക ₹2,61,100/-ലഭിച്ചത് സെപ്റ്റംബർ മാസത്തിലാണ്.

ശേഖരിക്കുന്ന പ്ലാസ്റ്റിക് തരം തിരിച്ച് ബെസ്റ്റ് ഇൻഡസ്ട്രീസ്, ഉമയനല്ലൂർ എന്ന സ്ഥാപനത്തിന് കരാർ പ്രകാരമുള്ള നിരക്കിന് നല്കി വരുന്നു. ഒരു മാസം ശരാശരി ആറായിരം കി.ഗ്രാം പ്ലാസ്റ്റിക് ഇത്തരത്തിൽ ശേഖരിച്ച് നൽകുന്നുണ്ട്. നിലവിൽ പത്തൊൻപതാം വാർഡിൽ ഒരു എം.സി.എഫ് പ്രവർത്തിക്കുന്നുണ്ട്. ബെയിലിംഗ് യൂണിറ്റ്, ഷ്രെഡ്ഡിംഗ് യൂണിറ്റ് എന്നിവ നിലവിലില്ല. ബെയിലിംഗ് യൂണിറ്റിനായി 2023-24 ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

വാർഡുകളിലെല്ലാം മിനി എം.സി.എഫുകൾ നിലവിലുണ്ട്. വാർഡുകളിൽ നിന്നുമുള്ള പ്ലാസ്റ്റിക് ചാക്കുകൾ എം.സി.എഫുകളിൽ എത്തിക്കുന്നതിനായി വാഹനം വാങ്ങിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും വീടുകളേയും പ്രോജക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി ബോധവത്കരണം, ക്യാമ്പയിനുകൾ, ലഘുലേഖകളുടെ വിതരണം എന്നിവ സംഘടിപ്പിച്ചു വരുന്നതിന്റെ വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുടെ പ്രതിമാസ അവലോകനം ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുന്നുണ്ട്. ഇതിൽ കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുക്കുന്നുണ്ട്.

ഐ.ആർ.ടി.സി എന്ന സ്ഥാപനം ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നു. എങ്കിലും കൂടുതൽ കവറേജിനായി ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഹരിത കർമ്മസേനാംഗങ്ങൾക്ക് എം.സി.എഫിൽ ശുചിമുറി, ജലലഭ്യത എന്നിവ ഉറപ്പു വരുത്തിയിട്ടുണ്ട്.

ഒരു ഹരിത കർമ്മ സേനാംഗത്തിന് ഒരുമാസം ഒൻപതിനായിരം രൂപവരെ ശരാശരി വരുമാനം ലഭിക്കുന്നുണ്ട്. കളക്ഷൻ പ്രവർത്തനങ്ങൾ, ബെയിലിംഗ് എന്നിവ കാര്യക്ഷമമാകുമ്പോൾ വരുമാന വർദ്ധനവ് ഉറപ്പുവരുത്താവുന്നതാണ്. കളക്ഷൻ, എം.സി.എഫ് ജോലികൾ എന്നിവ ഇല്ലാത്ത ദിവസങ്ങളിൽ മരച്ചീനി, പൂവ് കൃഷികളിൽ ഏർപ്പെട്ട് അധിക വരുമാനം ലഭ്യമാകത്തക്ക രീതിയിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. മറ്റു വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രോജക്ടുകൾ ഒന്നും തന്നെ നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും വിഭാവനം ചെയ്തു കാണുന്നില്ല. പ്ലാസ്റ്റിക് മാലിന്യമുക്ത ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കൂടുതൽ ക്രിയാത്മകമായ ഇടപെടലുകളും പൊതുജനത്തിന്റെയിടയിൽ അവബോധവും സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യം നിലനില്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ - അനുവദനീയമായതിലും അധികം തുക നൽകി - 3,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി, നം | അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ (115/23) |
| അടങ്കൽ തുക | 6,00,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 5,12,400/-രൂപ (ബിൽ നം. 3/27.1.23- 1,79,400/-<br>4/28.11.22- 1,29,600/-<br>5/28.11.22- 48,000/-<br>9/17.2.23- 45,600/-<br>25/29.3.23 – 32,400/-<br>27/29.3.23- 44,400/-<br>28/29.3.23- 33,000/-) |

അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ പദ്ധതിയിൽ 120/-രൂപ വിലയുള്ള 5 മുട്ടക്കോഴികളെ വീതം ഒരു യൂണിറ്റായി വിതരണം ചെയ്യുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മുട്ടക്കോഴി വാങ്ങിയതിന് എം.എസ്. എഗ്ഗർ നഴ്സറിക്ക് ബിൽ നം. 4/28.11.22 പ്രകാരം 1,29,600/-രൂപ അനുവദിച്ചിട്ടുണ്ട്. ക്യാഷ് ബിൽ നം.22/26.12.22 പ്രകാരം 1055 മുട്ടക്കോഴികൾക്ക് 120/-രൂപ നിരക്കിൽ 1,29,600/-രൂപ നൽകിയിരിക്കുന്നു. 1055 എണ്ണം മുട്ട കോഴികൾക്ക് 120/-രൂപ നിരക്കിൽ നൽകേണ്ട തുക 1,26,600/-രൂപ ആണെന്നിരിക്കെ 1,29,600/-രൂപ നൽകിയത് വഴി 3,000/-രൂപ അധികം നൽകി. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധികം നൽകിയ തുക തിരികെ ഈടാക്കി ട്രഷറിയിൽ ഒടുക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

അധികം ചെലവഴിച്ച 30,00/-രൂപ ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 13/18.10.23
നിരാകരിച്ച തുക – 3,000/-രൂപ

3-2 മെറിറ്റോറിയസ് സ്കോളർഷിപ്പ് - ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരേ ഗുണഭോക്താക്കൾക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | മെറിറ്റോറിയസ് സ്കോളർഷിപ്പ് (220/23) |
| അടങ്കൽ തുക | ₹15,46,775/-<br>(വികസന ഫണ്ട് - എസ്.സി.പി)<br>₹23,225/- (തനത് ഫണ്ട്)<br>₹2,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | ₹14,56,775/-<br>(വികസന ഫണ്ട് - എസ്.സി.പി)<br>3,225/- (തനത് ഫണ്ട്)<br>2,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ബിൽ നം.15/23.12.22- 30,000/-<br>ബിൽ നം.16/28.12.22- 40,000/-<br>ബിൽ നം.17/28.12.22- 95,000/-<br>ബിൽ നം.18/9.1.23- 95,000/- |

| | |
|---|---|
| | ബിൽ നം.19/9.1.23-4,10,000/-<br>ബിൽ നം.24/16.2.23- 6,75,000/-<br>ബിൽ നം.30/28.02.23-2,00,000/-<br>ബിൽ നം.31/14.3.23- 1,775/-<br>ബിൽ നം.34/27.3.23- 50,000/-<br>ബിൽ നം.36/28.3.23-40,000/-<br>ബിൽ നം.40/29.3.23- 20,000/-<br>ചെക്ക് നം.732274/18.3.23 - 3,225/- |

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് നം.സ.ഉ(കൈ) നം.115/2022 /ത.സ്വ.ഭ.വ തീയതി.28.5.22, ഖ.7.2.5 പ്രകാരം മെറിറ്റോറിയസ് സ്കോളർഷിപ്പ് – ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ലഭിക്കുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി 2022-23 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരേ വ്യക്തിക്കുതന്നെ ആനുകൂല്യം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | ബിൽ ഐ.ഡി നം. |
|---|---|---|---|
| SARANYA S MOL,<br>SASI VILASAM<br>67303777511 | 30000.00 | Ithikkara<br>Block Panchayat | 22030463067700044044<br>(Bill ID) |
| | 30000.00 | Adichanalloor<br>Grama Panchayat | 22030452095601197408 |
| NIKHIL S BINU,<br>NITHA BHAVANAM<br>PALLIPADINJATTATHIL<br>3319155318 | 15000.00 | Ithikkara<br>Block Panchayat | 220304000000000801<br>(Bill ID) |
| | 20000.00 | Adichanalloor<br>Grama Panchayat | 220304000000011106 |
| NAVAL MANAV P,<br>THIRUVONAM PLAKKADU<br>39820392053 | 20000.00 | Adichanalloor<br>Grama Panchayat | 22030452095600983550<br>(Bill ID) |
| | 15000.00 | Ithikkara<br>Block Panchayat | 22030463067700099493 |
| AMBADI S,<br>AMBILI MANDIRAM<br>VALIYA MADAM NORTH<br>MYLAKKADU<br>37074624963 | 20000.00 | Adichanalloor<br>Grama Panchayat | 22030452095601014175<br>(Bill ID) |
| | 15000.00 | Ithikkara<br>Block Panchayat | 22030463067700099351 |
| SOUMYA JAYADEV,<br>REMYALAYAM PUNCHIRICHIRA<br>336702010910568 | 20000.00 | Adichanalloor<br>Grama Panchayat | 220304000000011106 |
| | 15000.00 | Ithikkara Block<br>Panchayat | 220304000000001348 |
| VISHNU PRIYA S, VAZHAVILA<br>PUTHENVEEDU | 15000.00 | Ithikkara Block<br>Panchayat | 220304000000001348 |

| | | | |
|---|---|---|---|
| ADICHANALLOOR<br>1548101029333 | 20000.00 | Adichanalloor Grama Panchayat | 220304000000011106 |
| NIDHI R D,<br>MELATHIL VEEDU PLAKKADU<br>336702120001437 | 20000.00 | Adichanalloor Grama Panchayat | 220304520956011974O8 |
| | 15000.00 | Ithikkara Block Panchayat | 220304000000001348 |
| THEERTHA S, CHITHRALAYAM<br>336702120001437 | 25000.00 | Adichanalloor Grama Panchayat | 220304520956O1014175 |
| | 15000.00 | Ithikkara Block Panchayat | 22030463067700099341 |
| ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക | 1,75,000/- | | |

സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിരിക്കുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള ജില്ലാ പട്ടികജാതി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താവിന് ആനുകൂല്യം നല്കിയിട്ടുള്ളത്. എന്നാൽ വെബ്സാംഖ്യയിൽ ബാങ്ക് അക്കൌണ്ട് വച്ച് പരിശോധിച്ചപ്പോൾ മേൽ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നും മെറിറ്റോറിയസ് സ്കോളർഷിപ്പ് 2022-23 ൽ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമായി. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച 1,75,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഈ വിഷയത്തിൽ ബ്ലോക്ക്പഞ്ചായത്തിൽ നിന്നും വ്യക്തത വരുത്തി അധികം നല്കിയ 1,75,000/-രൂപ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നാണോ രണ്ടാമത് നൽകിയത് പ്രസ്തുത സ്ഥാപനത്തിൽ ഒടുക്കുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്ന് തുക ഈടാക്കാൻ കഴിയാത്ത പക്ഷം ക്രമവിരുദ്ധമായ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ വിശദമായ അന്വേഷണത്തിലൂടെ കണ്ടെത്തി തുക ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/19.10.23
നിരാകരിച്ച തുക - 1,75,000/-രൂപ

3-3 സമഗ്ര നെൽകൃഷി വികസനം സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | സമഗ്ര നെൽകൃഷി വികസനം പദ്ധതി (91/23) |
| അടങ്കൽ തുക | ₹9,04,784/- (വികസന ഫണ്ട്)<br>₹12,34,615/-(ഗു.ണ വിഹിതം) |
| ചെലവഴിച്ച തുക | ₹9,04,784/- (ബിൽ നം.1/19.1.23- 1,34,400/-<br>2/19.1.23 - 7,61,728/-<br>5/21.3.23 - 8,656/-) |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.6.1.9 പ്രകാരം നെൽകൃഷി ഒരു പൂകൃഷിയ്ക്ക് വിത്ത്, വളം, കീടനാശിനികൾ, മറ്റ് ഉൽപാദനോപാധികൾ എന്നിവയ്ക്കായി ഒരു ഹെക്ടറിന് പരമാവധി അനുവദിക്കാവുന്ന സബ്സിഡി 25,000/-രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് നെൽകൃഷി വികസനം

പദ്ധതിയിൽ ഒരു പൂകൃഷിയ്ക്ക് അധിക നിരക്കിൽ സബ്സിഡി തുക അനുവദിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി | അനുവദിച്ച തുക (രൂപ) | അനുവദിക്കാവുന്ന തുക (രൂപ) | അധികം അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| ശ്രീ മണികണ്ഠൻ കെ<br>എം.എസ് ഭവൻ<br>ആദിച്ചനല്ലൂർ | 0.29 Ha | 8,650/- | 7,250/- | 1,400/- |
| ശ്രീമതി സിന്ധു പ്രകാശ്<br>വിശാഖ്<br>ആദിച്ചനല്ലൂർ | 1.06 Ha | 34,624/- | 26,500/- | 8,124/- |
| ശ്രീ ജിജോ കെ എബ്രഹാം<br>തെക്കേതോട്ടത്തിൽ വീട്<br>ആദിച്ചനല്ലൂർ | 0.34 Ha | 10,820/- | 8,500/- | 2,320/- |
| | | | ആകെ | 11,844/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി, മേൽ ഗുണഭോക്താക്കൾ രണ്ടാംവിള നെൽകൃഷി ചെയ്തിട്ടുണ്ടെന്നും കരം തീർത്ത രസീതിന്റെ അഭാവത്തിൽ കൃഷി ചെയ്ത വിസ്തൃതിക്ക് ആനുപാതികമായാണ് ആനുകൂല്യം അനുവദിച്ചത് എന്നുമാണ്. എന്നാൽ ഒരു പൂകൃഷിയ്ക്കാണ് ആനുകൂല്യം അനുവദിക്കുന്നതെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല പ്രസ്തുത പദ്ധതിയിൽ ഭൂവിസ്തൃതിക്ക് ആനുപാതികമായി ആനുകൂല്യം നൽകിയതു കൂടാതെ നാഷണൽ സീഡ് കോർപ്പറേഷനിൽ നിന്ന് ആനുപാതികമായി വിത്തും വാങ്ങി നൽകിയിട്ടുണ്ട്.

മേൽ കാരണങ്ങളാൽ അധികം അനുവദിച്ച തുകയായ 11,844/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം അനുവദിച്ച തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/18.10.23

നിരാകരിച്ച തുക – 11,844/-രൂപ

3-4 പാഠമൂറി - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി, നം | പാഠമൂറി (191/23) |
| അടങ്കൽ തുക | ₹18,00,000/-<br>(വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് തുക | ₹9,00,000/-<br>(ബിൽ നം. 11/20.1.23 – 1,00,000/-<br>23/23.1.23 – 1,50,000/-<br>26/17.2.23 – 2,00,000/-<br>29/28.2.23 – 2,00,000/-<br>33/16.3.23 – 2,00,000/- |

39/31.3.23 - 50,000/- )

പഠന മുറിയ്ക്ക് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ശ്രീരാമദാസിന്റെ മകളായ സാന്ദ്ര ദാസ് എ എസ്, ചിറക്കര പുത്തൻ വീട്, കൊട്ടിയം പി.ഒ എന്ന വിദ്യാർഥി Natya Arts Learning App (Under Living Theatre Pvt Ltd) ലെ ആദ്യ സെമസ്റ്റർ ഭരതനാട്യം ഡിപ്ലോമയ്ക്ക് പഠിക്കുകയാണ് എന്ന് വ്യക്തമായി. ഈ ഗുണഭോക്താവിന് പഠനമുറി നിർമ്മാണത്തിനായി രണ്ടു ഗഡുക്കളായി 1,00,000/-രൂപ നൽകിയിട്ടുണ്ട്. ഈ കോഴ്സിന്റെ അംഗീകാരം സംബന്ധിച്ച് സ്ഥാപനത്തിന് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം 3.8.23 ൽ ഇ-മെയിലായി ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് നാട്യ എന്ന സ്ഥാപനം MSME യിൽ രജിസ്റ്റർ ചെയ്ത്, കേരള സ്റ്റാർട്ടപ്പ് മിഷന്റെ അംഗീകാരമുള്ള ഒരു സ്റ്റാർട്ടപ്പാണെന്നും നാട്യ നടത്തുന്ന ഡിപ്ലോമ കോഴ്സുകളുടെ സർട്ടിഫിക്കറ്റിന് വിദ്യാഭ്യാസ വകുപ്പിന്റെയോ സർവകലാശാലകളുടേയോ അംഗീകാരമില്ല എന്നുമാണ്. കോഴ്സിന് അംഗീകാരമില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ പലിശ സഹിതം തിരികെ ഒടുക്കണമെന്നാവശ്യപ്പെട്ടും അല്ലെങ്കിൽ ആർ.ആർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ടും കത്ത് നൽകിയതായി അസിസ്റ്റന്റ് സെക്രട്ടറി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു.

ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം പരിശോധിക്കാതെ ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയ ഇനത്തിലെ ഒരു ലക്ഷം രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഒരു ലക്ഷം രൂപ പലിശ സഹിതം ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/19.10.23

നിരാകരിച്ച തുക - 1,00,000/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 12.10.23, 13.10.23 | കെ.എസ്.എ.കെ.എൽ.എം.പി.5/1882/23 തീയതി – 14.11.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ട് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000/- | അനുപൂരക പോഷകാഹാരം | 2,50,000/- | 0 |
| “ | 2022-23 | 2,40,000/- | ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് ധനസഹായം (ജനറൽ) | 2,40,000/- | 0 |
| “ | 2022-23 | 2,00,000/- | പാലിന് സബ്സിഡി | 2,00,000/- | 0 |
| “ | 2022-23 | 4,00,000/- | ലൈഫ് ഭവന നിർമ്മാണം മൂന്നാം ഘട്ടം (ജനറൽ) | 4,00,000/- | 0 |
| “ | 2022-23 | 40,000/- | ലൈഫ് ഭവന നിർമ്മാണം മൂന്നാം ഘട്ടം (SC) | 40,000/- | |

| | | | | | |
|---|---|---|---|---|---|
| “ | 2022-23 | 4,90,000/- | അംഗൻവാടി നമ്പർ-25, കെട്ടിട നിർമ്മാണം വാർഡ്-9 | 0 | 4,90,000/- |
| “ | 2022-23 | 4,50,000/- | ലൈഫ് ഭൂമി വാങ്ങൽ – മൂന്നാം ഘട്ടം (SC) | 4,50,000/- | 0 |
| “ | 2022-23 | 40,000/- | ലൈഫ് 2020 - ഭവന നിർമ്മാണം (അതിദരിദ്രർ) | 40,000/- | 0 |
| “ | 2022-23 | 2,00,000/- | മെറിറ്റോറിയസ് സ്കോളർഷിപ്പ് | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,08,517/- | അനുപൂരക പോഷകാഹാരം | 1,08,517/- | 0 |
| “ | 2022-23 | 65,250/- | ലൈഫ് ഭൂമി വാങ്ങൽ – മൂന്നാം ഘട്ടം (SC) | 65,250/- | 0 |
| “ | 2022-23 | 15,510/- | പാലിന് സബ്സിഡി | 15,510/- | 0 |
| “ | 2022-23 | 2,40,000/- | ലൈഫ് ഭൂമി വാങ്ങൽ – മൂന്നാം ഘട്ടം(ജനറൽ) | 2,40,000/- | 0 |
| “ | 2022-23 | 4,40,000/- | ലൈഫ് ഭവന നിർമ്മാണം മൂന്നാം ഘട്ടം (SC) | 4,40,000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | 3,02,930/- | - | 3,02,930/- |
| കെ.എസ്.ഇ.ബി. | കോളനി ട്രാൻസ്ഫോർമർ മുതൽ വെണ്മണിച്ചിറ ട്രാൻസ്ഫോർമർ വരെ 11 KV മാറ്റി സ്ഥാപിക്കൽ, വാർഡ്-18 | | 5,88,875/- | 5,88,875/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് KURDF വായ്പയിനത്തിൽ 47,40,000/-രൂപ വരവുണ്ട്. 22,50,000/-രൂപ തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 47,40,000/- | 1,31,08,000/- | 14,75,209/- | | 1,63,72,791/- |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 40,00,000/- |
| ആകെ | 40,03,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 40,03,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക(രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | UBI, കൊല്ലം | | 1 വർഷം | 40,00,000/- | - |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 3-3 | 2007-2008 | 3-8-1 | അക്ഷയ പദ്ധതി പരാജയം | ഗവ: നിർദ്ദേശം ഉണ്ടാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ജില്ലാ അക്ഷയ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 3,000/- | ഡോ.ജിനി ആനന്ദ്, വെറ്ററിനറി സർജൻ |
| 3-2 | | 1,75,000/- | വിശദമായ അന്വേഷണത്തിലൂടെ ഉത്തരവാദിയെ കണ്ടെത്തുന്നതിന് ഖണ്ഡികയിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| 3-3 | | 11,844/- | ശ്രീ. രതീഷ്. പി. ആർ, കൃഷി ഓഫീസർ |
| 3-4 | | 1,00,000/- | ശ്രീ.ഫവാസ് എസ്.എൻ, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4,42,930/- | ശ്രീ. സ്റ്റീഫൻ എം, സെക്രട്ടറി |
| 1-23 | 4,00,000/- | ഡോ.സൗമ്യ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-28 | 4,80,025/- | ഡോ. വീണരാജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സ്റ്റീഫൻ എം, സെക്രട്ടറി | വിരമിച്ചു. | എ.എ. കോട്ടേജ്, കുമ്പളം പി.ഒ. പേരയം |
| ശ്രീ. ഫവാസ്.എസ്.എൻ, അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | കാവിൽ, മാമ്പള്ളിക്കുന്നം, ചാത്തന്നൂർ |
| ശ്രീ. രതീഷ്. പി.ആർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | പാലപൊയ്കയിൽ വീട്, ഇടക്കിടം. പി.ഒ, കൊല്ലം |
| ഡോ.ജിനി ആനന്ദ്, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | പുലരി, മയ്യനാട് പി.ഒ |
| ഡോ.സൗമ്യ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ഹോമിയോ, ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | എം.സി.മന്ദിരം, മുണ്ടയ്ക്കൽ, കൊല്ലം |
| ഡോ. വീണരാജ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കലയ്ക്കോട് | തൊടിയിൽ വീട്, നടുവിലക്കര, ഉമയനല്ലൂർ. പി. ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ എസ് എ-കെ എൽ എം/പി5/414(5)/18, തീ. 26.2.18 | 6 7 |
| 2002-03 | കെ എസ് എ-കെ എൽ എം/പി5/414(6)/18, തീ. 26.2.18 | 3 |
| 2005-06 | കെ എസ് എ-കെ എൽ എം/പി 5/414(8)/18, തീ. 26.2.18 | 1 |
| 2006-07 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 5 |
| 2007-08 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 4 |
| 2008-09 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 4 |
| 2009-10 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 2 |
| 2010-11 | കെ എസ് എ-കെ എൽ എം/പി 5/815/19, തീ. 12.06.19 | 6 |
| 2011-12 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2011-12, തീ. 25-08-22 | 11 |
| 2012-13 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2012-13, തീ. 25-08-22 | 16 |
| 2013-14, 2014-15 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2013-14 2014-15, തീ. 25-08-22 | 20 |
| 2015-16 | കെ എസ് എ-കെ എൽ എം/പി 5/അദാലത്ത് 2015-16, തീ. 25-08-22 | 9 |
| 2016-17 | കെ എസ് എ-കെ എൽ എം/പി 5/1244/17, തീ. 10.7.17/31.7.17 | 17 |
| 2017-18 | കെ എസ് എ-കെ എൽ എം/പി 5/1844/18, തീ. 11.03.19 | 12 |
| 2018-19 | കെ എസ് എ-കെ എൽ എം/പി 5/317/2020, തീ. 22/05/2020 | 11 |
| 2019-20 | കെ എസ് എ-കെ എൽ എം/പി 5/205 /2022 തീ 2/6/22 | 13 |
| 2020-21 | കെ എസ് എ-കെ എൽ എം/പി 5/1225 /2022 തീ 27/7/22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ എസ് എ-കെ എൽ എം/പി 5/415/2023 തീ 10/04/2023 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 19-07-2023 and submitted on 19-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Adichanalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Adichanalloor Grama Panchayat for the year 2022-2023

Date: 14/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Adichanalloor Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit Ratios, Secretary`s note

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. District Panchayath, Block Panchayath Grant liability amount shown as liability in Balance sheet does not match with Treasury Joint venture Account.

4. AFSCB own fund balance does not match with actual fund balance as per bank statement.

5. CFC Tied Fund balance as per balance sheet does not match with actual fund balance as per RP 40(b).

6. KSEB Deposit work expenditure is not included in balace sheet B 18 Deposit schedule.
7. Beneficiary Contribution closing balance included in balance sheet is not accurate.
8. Part bill payment details are not included in B 11(b) Capital Work in Progress.
9. value of stock is not in balance sheet.
10. Co-operative Institution investment document is not produced for verification.
11. Property Tax DCB as per AFS does match with Sanchaya software.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്